LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന നടപ്പാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ വിഹിതമായി 41.85 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുക മുഴുവൻ ചെലവാക്കി.

(ബി) 1178022 കുടുംബങ്ങൾ പദ്ധതിയിൽ അംഗങ്ങളായി.

(സി) സംസ്ഥാനത്ത് പദ്ധതി ആദ്യവർഷം തന്നെ എല്ലാ ജില്ലകളിലും നടപ്പാക്കി.

ആരോഗ്യ ഇൻഷ്വറൻസ്

41 (5446) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സഹായം എന്തെങ്കിലും കിട്ടിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

രാഷ്ട്രീയസ്വാസ്ഥ്യ ബീമായോജന (RSB)-യുടെ പരിധിയിൽ വരുന്ന 11.79 ലക്ഷം ബി.പി.എൽ. കുടുംബങ്ങളുടെ ഇൻഷുറൻസ് പ്രീമിയത്തിന്റെ 75% കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. ഇതിനുപുറമേ വരുന്ന കുടുംബങ്ങളാണ് സംസ്ഥാന സർക്കാർ പദ്ധതിയായ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ (CHIS) ഉൾപ്പെടുന്നത്. ഇവരുടെ മുഴുവൻ ചെലവും സംസ്ഥാന സർക്കാരാണു വഹിക്കുന്നത്. എന്നാൽ ഇതിനുള്ള സോഫ്റ്റ്വെയർ സഹായം നൽകുന്നതു കേന്ദ്ര സർക്കാരാണ്. RSB-യുടെ കേന്ദ്ര വിഹിതമായി കഴിഞ്ഞ വർഷം 41.85 കോടി രൂപ ലഭിച്ചിരുന്നു.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

42 (5447) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എൻ. ശക്തൻ:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലൂടെ ഓരോ ആരോഗ്യ സ്ഥാപനത്തിനും ലഭിക്കുന്ന ഇൻഷ്വറൻസ് തുക അതത് ആശുപത്രികളുടെ വികസനത്തിന് ഉപയോഗിക്കാമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;